പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – **1362** **14. 06. 2013-** ലെ മറുപടി

<u>തൊഴിൽരഹിത പ്രവാസികൾക്ക് സഹായം</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| <u>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ</u> | <u>ശ്രീ. കെ. സി. ജോസഫ്</u><br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) ഗൾഫ് രാജ്യങ്ങളിൽ തൊഴിൽ മേഖലയിലെ പുതിയ നിയമങ്ങൾ കാരണം പ്രവാസി മലയാളികൾ നേരിടുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) ഗൾഫിലെ സ്വദേശിവൽക്കരണ നടപടിയുടെ ഭാഗമായി എത്ര മലയാളികൾ തിരിച്ചെത്തി എന്ന് വ്യക്തമാക്കുമോ; | (ബി) കൃത്യമായ കണക്ക് ലഭ്യമല്ല. എന്നാൽ നോർക്ക – റൂട്ട്സ് ഏർപ്പെടുത്തിയ ഹെൽപ് ഡെസ്ക്കുകളിലൂടെയും ഓൺലൈൻ സംവിധാനത്തിലൂടെയും 6000 – ഓളം പേർ തിരികെ വന്നതായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) ഇവരെ തിരിച്ചെത്തിക്കുന്നതിനും പുനരധിവസിപ്പിക്കുന്നതിനുമായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (സി) ഗൾഫ് രാജ്യങ്ങളിലെ സ്വദേശിവത്കരണ നടപടികൾ ശ്രദ്ധയിൽപ്പെട്ട ഉടൻതന്നെ ഈ വിഷയത്തിൽ നയതന്ത്രതലത്തിൽ ചർച്ചകൾ നടത്തി പ്രവാസി ഇന്ത്യക്കാർക്ക് തൊഴിലവസരങ്ങൾ നഷ്ടപ്പെടാതിരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ശക്തമായി ആവശ്യപ്പെടുകയുണ്ടായി ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മന്ത്രിതല സംഘം ബഹു. പ്രധാനമന്ത്രി, ബഹു. വിദേശകാര്യമന്ത്രി, ബഹു. പ്രതിരോധ മന്ത്രി, ബഹു. പ്രവാസികാര്യമന്ത്രി, ബഹു. വിദേശകാര്യ സഹമന്ത്രി എന്നിവരുമായി ചർച്ച നടത്തുകയും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ഇടപെടലുകളെ തുടർന്ന് ഇന്ത്യയുടെ ആശങ്കകൾ പരിഹരിക്കാൻ സൌദി ഗവൺമെന്റ് |

തയ്യാറാകുകയുമുണ്ടായി. വിദേശ രാജ്യങ്ങളിൽ നിന്ന് തിരികെയെത്തുന്നവർക്കായി ഒരു സമഗ്ര പുനരധിവാസ പദ്ധതി രൂപീകരിക്കുന്നതിന് നോർക്ക വകുപ്പ് മന്ത്രി ചെയർമാനായി ഒരു മന്ത്രിസഭാ ഉപസമിതിയ്ക്ക് രൂപം നൽകിയിട്ടുണ്ട്. പദ്ധതി രൂപരേഖ തയ്യാറായി വരുന്നു.

(ഡി)പ്രസ്തുത സാഹചര്യത്തിലും എയർ ഇന്ത്യ ചാർജ്ജ് വർദ്ധിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

(ഡി) ഗൾഫ് രാജ്യങ്ങളിൽ നിന്ന് തിരികെ വരേണ്ടിവരുന്നവർക്ക് സാധാരണ നിരക്കിൽ ടിക്കറ്റ് ലഭ്യമാക്കി ഇവർക്ക് മടക്കയാത്രാ സൌകര്യം ഉണ്ടാക്കാൻ നടപടി സ്വീകരിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ എയർ ഇന്ത്യ ഗൾഫ് രാജ്യങ്ങളിൽ നിന്നുള്ള യാത്രയ്ക്ക് കൂടുതൽ സൌകര്യങ്ങളുണ്ടാക്കണമെന്ന കാര്യവും കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ